# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.20/PR/PIC/PHQ/17 Date : 03.02.2017

---

**<u>സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 15 പേർ അറസ്റ്റിൽ</u>**

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡി/ഡിവിഡി കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 15 പേർ അറസ്റ്റിലായി. ഇവരിൽ നിന്നും പുതിയ മലയാള സിനിമകളുടെയും അശ്ലീല ചിത്രങ്ങളുടെയും ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കമ്പ്യൂട്ടറുകൾ, എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്കുകൾ, മെമ്മറി കാർഡുകൾ, പെൻഡ്രൈവുകൾ എന്നിവയും പോലീസ് കണ്ടെടുത്തു.

തൃശൂർ ജില്ലയിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം ബ്ലൂബറി മ്യൂസിക് ഷോപ്പുടമ ഷിന്റോ, മലപ്പുറം ജില്ലയിൽ എടപ്പാൾ സെയ്ദലിക്കുട്ടി കോംപ്ലക്സിനു സമീപം സി.ഡി./ഡി.വി.ഡി. വിൽപന നടത്തിയിരുന്ന അസെയ്നാർ എന്ന കുഞ്ഞുബാവ, വാളഞ്ചേരിക്കു സമീപം സെൽകെയർ മൊബൈൽ ഷോപ്പുടമ ഫാസിൽ, എടപ്പാൾ സെയ്ദലിക്കുട്ടി കോംപ്ലക്സിൽ A2Z മൊബൈൽ ഷോപ്പുടമ അരീഫ്, കോട്ടയ്ക്കൽ ചങ്കുവെട്ടിക്കു സമീപം ന്യൂ മെട്രോ കമ്മ്യൂണിക്കേഷൻ മൊബൈൽ ഷോപ്പുടമ ജാബിർ, കോട്ടയ്ക്കലിൽ ഹൈലൈറ്റ് മൊബൈൽ ഷോപ്പുടമ സിദ്ദിഖ്, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി പൂണൂർ എം.പി. റോഡിൽ ഇൻഡോവിഷൻ മൊബൈൽ ഷോപ്പുടമ ആകാശ്, ബാലുശേരി പൂണൂർ എം.പി റോഡിൽ മ്യൂസിക് ഗാലറി മൊബൈൽ ഷോപ്പുടമ ഷെറീജ്, താമരശ്ശേരി വിഴുപ്പൂർ പഴയ ബസ് സ്റ്റാന്റിനു സമീപം 4-G ഷോപ്പുടമ അനീസ്, താമരശ്ശേരി വിഴുപ്പൂർ പഴയ ബസ് സ്റ്റാന്റിനു സമീപം ജെ2 ടെക്നോളജീസ് മൊബൈൽ ഷോപ്പുടമ ജനി, ആലപ്പുഴ ജില്ലയിൽ മാവേലിക്കര പല്ലാരിമംഗലം ഡ്രീംവേൾഡ് മൊബൈൽ ഷോപ്പുടമ തങ്കച്ചൻ, നൂറനാട് ആസ്മിയ മ്യൂസിക് ഷോപ്പുടമ നാഗൂർ വീരാൻ, തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട നെട്ടയം പോളിടെക്നിക്കലിനു സമീപം സ്പെയ്സ് ഷോപ്പുടമ സാബു തോമസ്, നെടുമങ്ങാട് സൂര്യ റോഡിൽ മൈക്രോ മെഡിടെക്ക് മൊബൈൽ ഷോപ്പുടമ ഹരീഷ് കുമാർ, ചെങ്കവിള ജംഗ്ഷനു സമീപം മാർക്ക് കമ്മ്യൂണിക്കേഷൻ ഷോപ്പുടമ റിജോ എന്നിവരാണ് അറസ്റ്റിലായത്

ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് പി.ബി.രാജീവിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. എം.ഇക്ബാൽ, ഡിറ്റക്ടീവ് ഇൻസ്പെക്ടർ സുഭാഷ് ചന്ദ്രബാബു, ഡി.എസ്.ഐ.മാരായ രതീഷ്, രൂപേഷ് കുമാർ.ജെ.ആർ, സിവിൽ പോലീസ് ഓഫീസർമാരായ സ്റ്റെർലിൻ രാജ്, സജി, ബെന്നി, സുബീഷ്, ഷാൻ എന്നിവരും കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു.